**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.03.2019, തീയതിയിലെ 6/1-ാം നമ്പർ തീരുമാനം, 11.04.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനം, 20.06.2019, തീയതിയിലെ 3/1-ാം നമ്പർ തീരുമാനം എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 148/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 17.01.2020

---

പരാമർശം:
1) ബെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29.03.2019, തീയതിയിലെ 6/1-ാം നമ്പർ തീരുമാനം.
2) ബെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 11.04.2019 തീയതിയിലെ 1/1-ാം നമ്പർ തീരുമാനം.
3) ബെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 20.06.2019 തീയതിയിലെ 3/1-ാം നമ്പർ തീരുമാനം
4) ബെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.06.2019 തീയതിയിലെ SC-1/146/2019-ാം നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ XII-ാം വാർഡിൽ ബെള്ളൂർ വില്ലേജിലെ ദൊംപത്തടുക്ക എന്ന സ്ഥലത്ത് റിസർവ്വേ നമ്പർ. 47/15, 48/3 -ൽ ശ്രീ. ഡേവി സ്റ്റീഫൻ എന്നയാൾക്ക് കരിങ്കൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിന് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ലൈസൻസ് നൽകിയിട്ടുള്ളതാണ്. 20.02.2019-ൽ ക്വാറി ഉടമ, ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും സൂചന (1) പ്രകാരം നടന്ന യോഗത്തിൽ ലൈസൻസ് 5 വർഷത്തേക്ക് പുതുക്കി നല്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 30.03.2019-ന് ക്വാറി ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിരുന്നു.

ഇതിനെത്തുടർന്ന് സൂചന (2) പ്രകാരം നടന്ന അസാധാരണ യോഗത്തിൽ പഞ്ചായത്ത്, സൂചന (1) ലെ ഭരണസമിതി തീരുമാനം പുന:പരിശോധിക്കുകയും ടി ക്വാറി പ്രവർത്തിക്കുന്നതുകൊണ്ട് സമീപവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്ന ജനങ്ങളുടെ പരാതി പരിഗണിച്ച്, പരിസരത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ടി ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും ചെയ്തു. തുടർന്ന് പഞ്ചായത്തിന്റെ ടി തീരുമാനം നിയമാനുസൃതമല്ലെന്നും ആയത് പുനഃപരിശോധിക്കണമെന്നും സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടുകയും കമ്മിറ്റി യോഗ തീരുമാനത്തിൽത്തന്നെ ഉറച്ച് നിൽക്കുകയും ചെയ്യുകയായിരുന്നു. സൂചന (3) പ്രകാരം നടന്ന യോഗത്തിലും ഈ വിഷയം പരിഗണിക്കാത്ത സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3) -ലെ വ്യവസ്ഥയനുസരിച്ച് സൂചന (4) പ്രകാരം സെക്രട്ടറി വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതിയെ തുടർന്ന് ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയാണ് ടി ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചത്. എന്നാൽ എല്ലാവിധ നിരാക്ഷേപപത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നും ക്വാറിയുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനെതിരായി ബഹു. കേരള ഹൈക്കോടതിയിൽ WP(C) 34057/2018 ഫയൽ ചെയ്തിട്ടുള്ളതിൽ 01.11.2018-ൽ

ആയതിന് സംരക്ഷണം നൽകാൻ പോലീസിന് നിർദ്ദേശം നൽകി തീർപ്പാക്കിയിരുന്നതായും, ഗ്രാമപഞ്ചായത്ത് തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള പരാതിയുടെ മാത്രം അടിസ്ഥാനത്തിൽ നിയമാനുസൃതമായ എല്ലാ അനുമതികളും ലഭിച്ചിട്ടുള്ള ഒരു സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നത് പഞ്ചായത്ത് രാജ് നിയമത്തിൻ കീഴിലുണ്ടാക്കിയിട്ടുള്ള ലൈസൻസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് സെക്രട്ടറി സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2), (3) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്യുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത എസ് ഡി.**
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം. (ആമുഖ കത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, ബെള്ളൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
സെക്രട്ടറി, ബെള്ളൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ആർ സി3/270/2019/ ത.സ്വ.ഭ.വ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ